പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 7164.

16.7.2012 - ൽ
മറുപടിയ്ക്ക്

## സർവ്വകലാശാലകളിൽ നടപ്പിലാക്കിയ ക്രെഡിറ്റ് ആന്റ് സെമസ്റ്റർ സമ്പ്രദായം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി. കെ.എസ്. സലീഖ: | | ശ്രീ.പി.കെ.അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ അഞ്ച് സർവ്വകലാശാലകളിൽ നടപ്പിലാക്കിയ ക്രെഡിറ്റ് ആന്റ് സെമസ്റ്റർ സമ്പ്രദായത്തെക്കുറിച്ച് പഠിക്കാൻ നിയോഗിച്ച പ്രൊഫ:ഹൃദയകുമാരി അദ്ധ്യക്ഷയായ സമിതി ശുപാർശ സമർപ്പിച്ചിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | അഞ്ച് സർവ്വകലാശാലകളിലും നല്ല രീതിയിൽ നടപ്പിലാക്കിയതും വിദ്യാർത്ഥികൾക്ക് ഗുണകരമായതുമായ ക്രെഡിറ്റ് ആന്റ് സെമസ്റ്റർ സമ്പ്രദായത്തിൽ അഴിച്ചു പണി ആവശ്യമാണെന്ന് പ്രസ്തുത സമിതി ശുപാർശ ചെയ്തിട്ടുണ്ടോ ; വിശദമാക്കുമോ ; | (ബി) യും (സി) യും. | സംസ്ഥാനത്തെ അഞ്ച് സർവ്വകലാശാലകളിലും നടപ്പാക്കിയ ക്രെഡിറ്റ് ആന്റ് സെമസ്റ്റർ സമ്പ്രദായത്തിൽ അപാകതകൾ ഉള്ളതായി പരാതി ഉയർന്നതിന്റെ പശ്ചാത്തലത്തിൽ ഈ വിഷയം പഠിച്ച് ശുപാർശകൾ സമർപ്പിക്കുന്നതിനാണ് ഉന്നത വിദ്യാഭ്യാസ കൗൺസിൽ പ്രൊഫ.ഹൃദയകുമാരി അദ്ധ്യക്ഷയായ സമിതി രൂപീകരിച്ചത്. പ്രസ്തുത സമിതി 10/07/2012 ൽ മാത്രമാണ് ശുപാർശകൾ അടങ്ങിയ റിപ്പോർട്ട് ഉന്നത വിദ്യാഭ്യാസ കൗൺസിലിന് സമർപ്പിച്ചിട്ടുള്ളത്. നിലവിലുള്ള ക്രെഡിറ്റ് ആന്റ് സെമസ്റ്റർ സമ്പ്രദായംതുടരണമെന്നും എന്നാൽ അതിൽ മാറ്റങ്ങൾ ആവശ്യമാണെന്നുമാണ് സമിതിയുടെ പൊതുവെയുള്ള അഭിപ്രായമെന്ന് കൗൺസിൽ അറിയിച്ചിട്ടുണ്ട്. എന്നാൽകൗൺസിൽ വ്യക്തമായ |

| | |
|---|---|
| | ശുപാർശകളോടെ റിപ്പോർട്ട് സർക്കാരിനു സമർപ്പിച്ചിട്ടില്ല. |
| (സി) പ്രസ്തുത സമിതിയുടെ മറ്റ് ശുപാർശകൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ; | |
| (ഡി) പ്രസ്തുത സമിതി അംഗങ്ങൾ ആരൊക്കെയാണെന്നും സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ രംഗത്ത് ഇവർ നൽകിയ സംഭാവനകൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ ; | (ഡി) സമിതി അംഗങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു |
| (ഇ) പ്രസ്തുത സമിതിയിലെ ശുപാർശകൾ പലതും ഒരു വിഭാഗം അധ്യാപകർക്ക് മാത്രമേ ഗുണം ചെയ്യുകയുള്ളൂവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിലുള്ള സർക്കാർ സമീപനം എന്തെന്ന് വ്യക്തമാക്കുമോ ; | (ഇ) പ്രസ്തുത സമിതിയുടെ റിപ്പോർട്ട് 10.7.2012- ൽ മാത്രം സമർപ്പിക്കപ്പെട്ടിട്ടുള്ളൂ. എന്നാൽകൗൺസിൽ വ്യക്തമായ ശുപാർശകളോടെ റിപ്പോർട്ട് സർക്കാരിനു സമർപ്പിച്ചിട്ടില്ലാത്തതുമാകുന്നു |
| (എഫ്) പ്രസ്തുത സമിതിയുടെ പ്രവർത്തനങ്ങൾക്കായി ഇതുവരെ ചെലവഴിച്ച തുക എത്രയാണ് ; | (എഫ്) പ്രസ്തുത സമിതിക്കുവേണ്ടി നാളിതുവരെ 64885/ (അറുപത്തിനാലായിരത്തി എണ്ണൂറ്റിഎൺപത്തിയഞ്ച് രൂപ) ചിലവായിട്ടുണ്ട്. ടി കമ്മിറ്റി അന്തിമ റിപ്പോർട്ട് 10.7.2012/ലാണ് സമർപ്പിച്ചത്. ഇതുവരെയുള്ള ചിലവുകളുടെ കൃത്യമായ തിട്ടപ്പെടുത്തലും കണക്കുകളുടെ സൂക്ഷ്മ പരിശോധനയും നടന്നു വരുന്നതേയുള്ളൂ |
| (ജി) സർവ്വകലാശാലകളുടെ അധികാര പരിധിയിൽ വരുന്ന അക്കാദമിക് കാര്യങ്ങളിൽ ഇത്തരത്തിലുള്ള ശുപാർശകൾ നടപ്പിലാക്കണമെന്ന് നിഷ്കർഷിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ? | (ജി) ഉന്നത വിദ്യാഭ്യാസ കൗൺസിൽ നൽകിയ ശുപാർശകളുടെ അടിസ്ഥാനത്തിലാണ് കേരളത്തിലെ സർവ്വകലാശാലകളിൽ ചോയ്സ് ബേസ്ഡ് ക്രെഡിറ്റ് ആന്റ് സെമസ്റ്റർ സമ്പ്രദായം നടപ്പാക്കിയത്. ക്രെഡിറ്റ് |

ആന്റ് സെമസ്റ്റർ സമ്പ്രദായത്തിൽ
അപാകതകൾ ഉള്ളതായി പരാതികൾ
ഉയർന്നതിന്റെ പശ്ചാത്തലത്തിലാണ്
അവ പഠിച്ച് ശുപാർശകൾ
സമർപ്പിക്കുന്നതിനായി
പ്രൊഫ.ഹൃദയകുമാരിയുടെ
അധ്യക്ഷതയിൽ ഒരു സമിതി
രൂപീകരിച്ചത്. സമിതി റിപ്പോർട്ട്
സമർപ്പിച്ച സാഹചര്യത്തിൽ
അടുത്തുകൂടുന്ന ഉന്നത വിദ്യാഭ്യാസ
കൗൺസിലിന്റെ ഭരണസമിതി യോഗം
വിശദമായ പരിശോധനകൾ
നടത്തുന്നതാണ്. എന്നാൽ
കൗൺസിൽ വ്യക്തമായ
ശുപാർശകളോടെ റിപ്പോർട്ട്
സർക്കാരിനു സമർപ്പിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ

അനുബന്ധം

സമിതി അംഗങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു

1. പ്രൊഫ.ബി.ഹൃദയകുമാരി - ചെയർപേഴ്സൺ.

(പ്രമുഖ വിദ്യാഭ്യാസ വിചക്ഷണ, അറിയപ്പെടുന്ന ഇംഗ്ലീഷ് അധ്യാപിക, എഴുത്തുകാരി, തിരുവനന്തപുരം സർക്കാർ വനിതാ കോളേജ് മുൻ പ്രിൻസിപ്പാൾ എന്നീ നിലകളിൽ ശ്രദ്ധേയമാണ്)

2. പ്രൊഫ. ലോപ്പസ് മാത്യു - കൺവീനർ.

(30 വർഷത്തെ ശാസ്ത്ര അദ്ധ്യാപന പരിചയമുള്ള പ്രൊഫ.ലോപ്പസ് മാത്യു അരുവിത്തറ സെന്റ് ജോർജ്ജ് കോളേജിലെ ഫിസിക്സ് വിഭാഗം മേധാവിയാണ്. 92 -96 കാലഘട്ടത്തിൽ മഹാത്മാഗാന്ധി സർവ്വകലാശാലയിൽ സിൻഡിക്കേറ്റ് അംഗവും അക്കാദമിക് കൗൺസിൽ അംഗവുമായിരുന്നു. 2002 -2006 ൽ കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിൽ സിൻഡിക്കേറ്റ് അംഗമായിരുന്നു. നിലവിൽ ഉന്നതവിദ്യാഭ്യാസ കൗൺസിൽ ഭരണസമിതി അംഗവും കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിൽ സിൻഡിക്കേറ്റ് അംഗവുമാണ്).

3. ഡോ.വീരമണികണ്ഠൻ ( 19 വർഷത്തെ അധ്യാപന പരിചയമുള്ള ഡോ. വീരമണികണ്ഠൻ നിലവിൽ തിരുവനന്തപുരം സർക്കാർ വനിതാ കോളേജിൽ സൈക്കോളജി വിഭാഗത്തിൽ അസോസിയേറ്റ് പ്രൊഫസറാണ്. 2002 -2006 ൽ കണ്ണൂർ സർവ്വകലാശാലയിൽ സിൻഡിക്കേറ്റ് അംഗമായിരുന്നു. ഇപ്പോൾ ഉന്നത വിദ്യാഭ്യാസ കൗൺസിൽ ഭരണസമിതി അംഗവും കണ്ണൂർ സർവ്വകലാശാലയിൽ സിൻഡിക്കേറ്റ് അംഗവുമാണ്)

4. ഡോ.എം.സി.ദിലീപ്കുമാർ ( 29 വർഷത്തെ അധ്യാപന പരിചയമുള്ള ഡോ.ദിലീപ് കുമാർ എറണാകുളം കൊച്ചിൻ കോളേജിലെ കൊമേഴ്സ് വിഭാഗം മേധാവിയുമാണ്. എം.ജി.സർവ്വകലാശാല ഉൾപ്പെടെ നാല് സർവ്വകലാശാലകളുടെ അംഗീകൃത റിസർച്ച് ഗൈഡും നിലവിൽ 14 ഗവേഷക വിദ്യാർത്ഥികളെ നയിക്കുകയും ചെയ്യുന്നു. 15 ടെക്സ്റ്റ് ബുക്കുകളും അംഗീകൃത റിസർച്ച് ജേർണലുകളിൽ പതിനഞ്ചോളം ലേഖനങ്ങളും നിരവധി ദേശീയ അന്തർദേശീയ സെമിനാറുകളിൽ പ്രബന്ധം അവതരിപ്പിച്ച് പരിചയവുമുണ്ട്. എൻ.എസ്.എസിന്റെ റീജിയണൽ പ്രോഗ്രാം കോഡിനേറ്ററായിരുന്ന ഡോ.ദിലീപ് കുമാറിന് സംസ്ഥാന സർക്കാരിന്റെ ഏറ്റവും നല്ല പ്രോഗ്രാം ഓഫീസർക്കുള്ള പുരസ്കാരം ലഭിച്ചിട്ടുണ്ട്. ബിരുദാനന്തര ബിരുദ തലത്തിലെ ബോർഡ് ഓഫ് സ്റ്റഡീസ് അംഗമായിരുന്നു. നിലവിൽ മഹാത്മഗാന്ധി സർവ്വകലാശാലയിൽ സിൻഡിക്കേറ്റ് അംഗവുമാണ്)

5. പ്രൊഫ.ജോൺജോസഫ് (കണ്ണൂരിലെ കുത്തുപറമ്പ് നിർമ്മലഗിരി കോളേജിലെ ചരിത്ര വിഭാഗത്തിൽ അസോസിയേറ്റ് പ്രൊഫസറും കണ്ണൂർ സർവ്വകലാശാലയിൽ സിൻഡിക്കേറ്റ് അംഗവുമാണ്.

6. ഡോ.സി.കെ.ജയിംസ് (പാലാ സെന്റ് തോമസ് കോളേജിലെ ഹിന്ദി വിഭാഗത്തിൽ അസോസിയേറ്റ് പ്രൊഫസറാണ്. 20 വർഷത്തെ അധ്യാപന പരിചയമുള്ള അദ്ദേഹം മഹാത്മാഗാന്ധി സർവ്വകലാശാലയിൽ റിസർച്ച് ഗൈഡാണ്. ഹിന്ദി കൂടാതെ പബ്ലിക്

മാനേജമെന്റിലും ലിംഗ്വിസ്റ്റിക്സിലും ബിരുദാനന്തര ബിരുദമുണ്ട് ഏറ്റവും നല്ല പ്രസിദ്ധീകരിക്കപ്പെട്ട ഗവേഷക പ്രബന്ധത്തിനുള്ള എസ്.ബി.റ്റി സാഹിത്യ അക്കാദമി പുരസ്കാരം ലഭിച്ചിട്ടുണ്ട്.

7. ഡോ.സൈനുൽ ആബിദ് കോട്ട

12 വർഷത്തെ അധ്യാപന പരിചയം. ഇപ്പോൾ പെരിന്തൽമണ്ണ സർക്കാർ കോളേജിൽ ഇംഗ്ലീഷ് വിഭാഗത്തിൽ അസിസ്റ്റന്റ് പ്രൊഫസറും കാലിക്കറ്റ് സർവ്വകലാശാല സിൻഡിക്കേറ്റ് അംഗവും അക്കാദമിക് കൗൺസിൽ അംഗവുമാണ്. കാലിക്കറ്റ് സർവ്വകലാശാല റിസർച്ച് ജേർണൽ ഉൾപ്പെടെ പത്തോളം ലേഖനങ്ങളും, ഇന്ത്യയിലെ പരീക്ഷാ നടത്തിപ്പിലെ പ്രശ്നങ്ങളും പരിഹാരങ്ങളും വിശദീകരിക്കുന്ന പുസ്തകം ഉൾപ്പെടെ രണ്ട് പുസ്തകങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.